# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അംഗോള, ബോട്സ്വാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

President Draupadi Murmu's visit to Angola and Botswana will begin today.

2. വികസിത രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരു പ്രധാന ഘടകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എറണാകുളം-ബെംഗളൂരു ഉൾപ്പടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നിർവഹിച്ചു.

Prime Minister Narendra Modi Says infrastructure is an important factor in the economic growth of developed countries. The Prime Minister flagged off four new Vande Bharat Express trains, including the Ernakulam-Bengaluru route.

3. കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമെറേഷൻ ഫോം ഒപ്പിട്ടു നൽകുന്ന മുഴുവൻ പേരെയും കരട് പട്ടികയിൽ ഉൾപ്പെടുത്തുമെന്ന് സി.ഇ.ഒ രത്തൻ യു കേൽക്കർ.

As part of the drastic voter list reform in Kerala, all those who sign the enumeration form will be included in the draft list,CEO Ratan U Kelkar Says

4. ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിനായുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും.

The campaign for the second phase of the Bihar assembly elections will end tomorrow.

5. പുരുഷ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ന് ഉച്ചക്ക് ശേഷം ഇന്ത്യ ഓസ്ട്രേലിയയെ നേരിടും.

India will take on Australia in the final match of the men's Twenty20 cricket series this afternoon.

6. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു ഉൾപ്പെടെ 37 പേർക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ച് തുർക്കി.

Turkey has issued arrest warrants for 37 people, including Israeli Prime Minister Benjamin Netanyahu.

&&&&&&&&&&&&&&&&&

## HEADLINE-1

### PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അംഗോള, ബോട്സ്വാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഞായറാഴ്ച ശ്രീമതി മുർമു പ്രസിഡന്റ് ലോറെൻസോയുമായി ഉഭയകക്ഷി ചർച്ച നടത്തും. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി അംഗോള പാർലമെന്റിനെ അഭിസംബോധന ചെയ്യുകയും ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയും ചെയ്യും. തുടർന്ന് ശ്രീമതി മുർമു ബോട്സ്വാനയിലേക്ക് തിരിക്കും.

&&&&&&&&&&&&&&&&&

## HEADLINE-2

### PM- VANDE BHARAT (INTRO)

*വികസിത രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരു പ്രധാന ഘടകമാണെന്നും ഇന്ത്യയും വികസനത്തിന്റെ പാതയിൽ വേഗത്തിൽ മുന്നേറുകയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. എറണാകുളം-ബെംഗളൂരു ഉൾപെടെ നാല് പുതിയ വന്ദേ ഭാരത്*

*എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ലാഗ് ഓഫ് ഉത്തർപ്രദേശിലെ വാരാണസിയിൽ നിർവഹിച്ച ശേഷം സദസ്സിനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്ത് 60-ലധികം വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഇപ്പോൾ സർവീസ് നടത്തുന്നുണ്ടെന്ന് ശ്രീ മോദി പറഞ്ഞു.*

*(പ്രധാനമന്ത്രി വോയിസ്)*

*ഫ്ലാഗ് ഓഫ് ചടങ്ങിന് ശേഷം വന്ദേ ഭാരത് എക്സ്പ്രസിൽ പ്രധാനമന്ത്രി മോദി കുട്ടികളുമായി സംവദിച്ചു. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു. ബനാറസ്-ഖജുരാഹോ, ലഖ്നൗ-സഹരൻപൂർ, ഫിറോസ്പൂർ-ഡൽഹി, റൂട്ടുകളിലും പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ സർവീസ് ആരംഭിച്ചു.*

&&&&&&&&&&&&&&&&&

**Ernakulam-Bengaluru Vande Bharat**

കേരളത്തിന് അനുവദിച്ച മൂന്നാമത്തെ വന്ദേ ഭാരത് ട്രെയിൻ സർവീസിനാണ് ഇന്ന് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രമന്ത്രി സുരേഷ് ഗോപി, ജോർജ് കുര്യൻ, മന്ത്രിമാർ എം പിമാർ,എംഎൽഎ തുടങ്ങിയവർ പങ്കെടുത്തു. കേന്ദ്രമന്ത്രി സുരേഷ് ഗോപി തൃശൂർ വരെ ട്രെയിനിൽ യാത്ര ചെയ്തു. പുതിയ സർവ്വീസിൽ 630 കിലോമീറ്റർ ദൂരം 8 മണിക്കൂർ 40 മിനിറ്റിൽ പിന്നിടാനാകും. തൃശൂർ , പാലക്കാട് , കോയമ്പത്തൂർ , തിരുപ്പൂർ , ഈറോഡ് , സേലം , കെആർ പുരം എന്നിവിടങ്ങളിൽ സ്റ്റോപ്പുകളുണ്ട്. ബുധൻ ഒഴികെയുള്ള ദിവസങ്ങളിൽ ബെംഗളൂരുവിൽ നിന്ന് പുലർച്ചെ 5.10ന് പുറപ്പെട്ട് ഉച്ചയ്ക്ക് 1.50ന് എറണാകുളത്തെത്തും. തിരിച്ച് എറണാകുളത്ത് നിന്ന് ഉച്ചയ്ക്ക് 2.20ന് പുറപ്പെട്ട് രാത്രി 11 മണിക്ക് ബെംഗളൂരുവിലെത്തുന്ന തരത്തിലാണ് സർവ്വീസ്.

&&&&&&&&&&&&&&&&&&

**ASWINI - VANDE BHARAT- INTRO**

***കേരളത്തിൽ നിന്ന് വിവിധ ജോലികൾക്കായി ബാംഗ്ലൂരിലേക്ക് പോകുന്ന പ്രൊഫഷണലുകൾക്ക് പുതിയ വന്ദേ ഭാരത് സർവീസ് ഏറെ പ്രയോജനപ്പെടുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. വാരാണസിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ( വോയിസ്.....)***

&&&&&&&&&&&&&&&&&

**PM-CONFERENCE-LEGAL AID**

സുപ്രീം കോടതിയിലെ നിയമസഹായ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ദേശീയ സമ്മേളനം ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ദേശീയ ലീഗൽ സർവീസ് അതോറിറ്റി തയ്യാറാക്കിയ കമ്മ്യൂണിറ്റി മീഡിയേഷൻ പരിശീലന മൊഡ്യൂളിന്റെ ഉത്ഘാടനവും അദ്ദേഹം ചടങ്ങിൽ നിർവ്വഹിക്കും.

&&&&&&&&&&&&&&&&&

**REV PM-LK ADVANI**

ഇന്ന് 98-ാാം ജന്മദിനം ആഘോഷിക്കുന്ന മുൻ ഉപപ്രധാനമന്ത്രിയും ബി.ജെ.പി നേതാവുമായ എൽ കെ അദ്വാനിക്ക് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആശംസകൾ നേർന്നു. ഇന്ത്യയുടെ ജനാധിപത്യ യാത്രയിൽ ഒരു വിശിഷ്ട രാഷ്ട്ര തന്ത്രജ്ഞനും വഴികാട്ടിയുമാണ് ശ്രീ അദ്വാനിയെന്ന് ഉപരാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യയുടെ പുരോഗതി ശക്തിപ്പെടുത്തുന്നതിനായി ജീവിതം സമർപ്പിച്ച രാഷ്ട്രതന്ത്രജ്ഞനാണ് ശ്രീ അദ്വാനിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

**CHHATISGARH MAOISTSO**

ഛത്തീസ്ഗഢിലെ ഗരിയബന്ദ് ജില്ലയിൽ ഏഴ് മാവോയിസ്റ്റുകൾ കീഴടങ്ങി. റായ്പൂർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, അമ്രേഷ് മിശ്രയുടെ മുമ്പാകെയാണ് അവർ ആയുധങ്ങൾ സമർപ്പിച്ചത് .കീഴടങ്ങിയ മാവോയിസ്റ്റുകൾ ആറ് ആയുധങ്ങൾ പോലീസിന് കൈമാറി.

ഇവർക്ക് ആകെ മുപ്പത്തിയേഴ് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&

**J K ENCOUNTER**

ജമ്മു കാശ്മീരിൽ, കുപ് വാര ജില്ലയിലെ കേരൻ സെക്ടറിൽ ഇന്നലെ രാത്രി സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് ഭീകരർ കൊല്ലപ്പെട്ടു. നിയന്ത്രണരേഖ വഴി ഇന്ത്യൻ ഭാഗത്തേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ച ഭീകരരെ തടയുന്നതിനിടെ വെടിവെപ്പുണ്ടാകുകയായിരുന്നു. സൈന്യത്തിന്റെ പ്രത്യേക്രമണത്തിലാണ് രണ്ട് ഭീകരർ കൊല്ലപ്പെട്ടത്.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**PM-DEHRADUN**

ഉത്തരാഖണ്ഡ് രൂപീകരണത്തിന്റെ രജതജൂബിലി ആഘോഷ പരിപാടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഡെറാഡൂൺ സന്ദർശിക്കും. പ്രധാനമന്ത്രി ഒരു സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കുകയും സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും. 930 കോടിയിലധികം രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും 7,200 കോടിയിലധികം രൂപയുടെ പദ്ധതികളുടെ ശിലാസ്ഥാപനവും ഉൾപ്പെടെ 8,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും ശ്രീ മോദി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&

**HEADLINE-4**

**BIHAR ELECTION INTRO**

***ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിനായുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. 20 ജില്ലകളിലായി 122 മണ്ഡലങ്ങളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്.***

***വിശദാംശങ്ങളിലേക്ക്.***

***(വോയിസ്)***

***ബീഹാറിൽ മുതിർന്ന ബിജെപി നേതാക്കളായ പ്രധാനമന്ത്രി നരേന്ദ്ര മോദി, ശ്രീ രാജ്നാഥ് സിംഗ് , ശ്രീ അമിത് ഷാ, കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി ആർ,ജെ.ഡി നേതാവ് തേജസ്വി യാദവ് എന്നിവർ പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രി ഇന്ന് രാവിലെ സീതാമർഹിയിൽ നടന്ന റാലിയെ അഭിസംബോധന ചെയ്തു. ബെട്ടിയയിലും അദ്ദേഹം യോഗത്തിൽ സംസാരിക്കും. കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് മൂന്ന് മൂന്ന് പൊതുയോഗങ്ങളിൽ പ്രസംഗിക്കും. ആഭ്യന്തരമന്ത്രി അമിത് ഷാ കതിഹാറിൽ പൊതുയോഗത്തിൽ പ്രസംഗിക്കും. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നിരവധി തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.ശ്രീമതി പ്രിയങ്ക ഗാന്ധി കതിഹാറിൽ രണ്ട് റാലികളെ അഭിസംബോധന ചെയ്യും. ശ്രീ തേജസ്വി പ്രസാദ് യാദവ് 18 ഇടത്ത് പൊതുയോഗങ്ങളിൽ പ്രസംഗിക്കും. വ്യാഴാഴ്ച നടന്ന ആദ്യ ഘട്ട തെരഞ്ഞെടുപ്പിൽ 64.66 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്. വോട്ടെണ്ണൽ നവംബർ 14 ന് നടക്കും.***

***ന്യൂസ് ഡെസ്ക് ആകാശവാണി.***

&&&&&&&&&&&&&&&&&&

## HEADLINE-3

## VOTERS LIST – CEO

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമെറേഷൻ ഫോം ഒപ്പിട്ടു നൽകുന്ന മുഴുവൻ പേരെയും കരട് പട്ടികയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. SIR വുമായി ബന്ധപ്പെട്ട് തിരെഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സംസ്ഥാനത്തിതുവരെ 36 ലക്ഷത്തിലധികം പേർക്ക് എന്യൂമെറേഷൻ ഫോം

വിതരണം ചെയ്യു. പരിശോധനക്കായി 12 രേഖകളിൽ ഒന്ന് ഹാജരാക്കണം. പ്രവാസി വോട്ടർമാർക്ക് നോർക്ക മുഖേന ബോധവത്കരണം നൽകുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-6

## TURKIYE-ARREST WARRANTS

ഗാസ യുദ്ധവുമായി ബന്ധപ്പെട്ട വംശഹത്യ കുറ്റം ചുമത്തി പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു ഉൾപ്പെടെ 37 ഇസ്രായേലികൾക്ക് എതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ച് തുർക്കി. ഇസ്താംബുൾ ചീഫ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫീസാണ് വാറണ്ട് പുറപ്പെടുവിച്ചത്. ഇസ്രായേൽ പ്രതിരോധ മന്ത്രി , സേനാതലവൻ , ദേശീയ സുരക്ഷാ മന്ത്രി എന്നിവരും പട്ടികയിലുണ്ട്. അർമേനിയൻ കൂട്ടക്കൊലകളിൽ വംശഹത്യ നടത്തിയെന്ന ആരോപണം നേരിടുന്ന രാജ്യമാണ് തുർക്കി. പലസ്തീൻ സായുധ ഗ്രൂപ്പായ ഹമാസിനെ പിന്തുണയ്ക്കുന്ന രാജ്യമാണ് തുർക്കി.

&&&&&&&&&&&&&&&&&&

## HEADLINE-5

## IND-AUS 20-20 CRICKET

ഓസ്ട്രേലിയയിൽ നടക്കുന്ന പുരുഷ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ന് ഇന്ത്യ ആതിഥേയരെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45 ന് ബ്രിസ്ബേനിലാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ 2-1 ന് ഇന്ത്യ മുന്നിലാണ്.

&&&&&&&&&&&&&&&&&&

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം-സൗരാഷ്ട്ര മത്സരം ഇന്ന്. തിരുവനന്തപുരത്തെ കേരള ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 4 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

**CBI-FIR**

പഞ്ചാബിലെ മുൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ് മുഹമ്മദ് മുസ്തഫയ്ക്കും ഭാര്യയും പഞ്ചാബിലെ മുൻ പിഡബ്ല്യുഡി മന്ത്രിയുമായ റസിയ സുൽത്താനയ്ക്കുമെതിരെ സിബിഐ,എഫ്ഐആർ രജിസ്റ്റർ ചെയ്തു. ഒക്ടോബർ 16 ന് പഞ്ച്കുലയിലെ വീട്ടിൽ ഇവരുടെ മകൻ അഖിൽ അക്തർ സംശയാസ്പദമായ സാഹചര്യത്തിൽ മരിച്ചതുമായി ബന്ധപ്പെട്ട കേസിലാണ് സിബിഐ നടപടി. മരിച്ചയാളുടെ ഭാര്യയ്ക്കും സഹോദരിക്കുമെതിരെയും എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&